# ചെക്കോവിന്റെ ദേശാടനം

കുറ്റിപ്പുഴ കൃഷ്ണപിള്ള



ചെക്കോവിന്റെ ദേശാടനം

കുറ്റിപ്പുഴ കൃഷ്ണപിള്ള

(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The dead goldfinch ("All that was left to love"), a painting by George Elgar Hicks (1824–1914). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ചെക്കോവിന്റെ ദേശാടനം



ചെക്കോവ്

ലോകപ്രസിദ്ധരായ ചെറുകഥയെഴുത്തുകാരുടെ മുന്നണിയിൽ നിൽക്കുന്ന ആളാണല്ലോ റഷ്യൻ സാഹിത്യകാരനായ ചെക്കോവ്. ചില നിരൂപകർ അദ്ദേഹത്തെ ചെറുകഥാകാരന്മാരിൽ അദ്വിതീയൻ എന്നുപോലും പുകഴ്ത്തുന്നുണ്ട്. മനുഷ്യജീവിതത്തിന്റെ വൈവിധ്യവും വൈചിത്ര്യവും ദേശാടനംകൊണ്ട് നേരിട്ട് കണ്ട് മനസ്സിലാക്കി തന്റെ അനുഭവസമ്പത്ത് വർദ്ധിപ്പിക്കാൻ ചെക്കോവ് ശ്രദ്ധിച്ചിരുന്നു. ദേശസഞ്ചാരം ഒരുതരം വിദ്യാഭ്യാസമാണല്ലോ. സാഹിത്യകാരന്മാർക്ക് അത്യാവശ്യവുമാണ്. അവരുടെ പ്രതിഭയ്ക്ക് വികാസവും അനുഭൂതിക്ക് പരിപുഷ്ടിയും ലോകാവേക്ഷണം മൂലം സിദ്ധിക്കും. അതുകൊണ്ടാണ് നല്ല സാഹിത്യകാരന്മാർ പ്രായേണ സഞ്ചാരകുതുകികളായി കാണപ്പെടുന്നത്. ചെക്കോവിൽ ഈ സഞ്ചാരകൗതുകം അടക്കി നിർത്താൻ വയ്യാത്തവിധം ഉൽക്കടമായിത്തീർന്നു. ആയുഷ്കാലം മുഴുവൻ അദ്ദേഹം ഒരു ക്ഷയരോഗിയായിരുന്നു; ഇതിന് പുറമെ കടുത്ത ദാരിദ്ര്യവും കുടുംബഭാരവും. ക്ലേശങ്ങളോട് മല്ലിട്ട് വൈദ്യശാസ്ത്രം പഠിച്ച് ചെക്കോവ് ഒരു ഡോക്ടറായി. രോഗികളെ ചികിത്സിക്കുക ഒരു സാമൂഹികസേവനം മാത്രമായിരുന്നു അദ്ദേഹത്തിന്. വൈദ്യവൃത്തിയേക്കാൾ സാഹിതീസപര്യയാണ് ചെക്കോവിൽ മുന്നിട്ടുനിന്നിരുന്നത്. മനുഷ്യരുടെ കഥകളെഴുതുന്നതിൽ ആത്മാർത്ഥതയും യാഥാർത്ഥ്യവും പ്രതിഫലിക്കണമെങ്കിൽ ദേശസഞ്ചാരം കൂടിയേ കഴിയൂ എന്ന ചിന്ത അദ്ദേഹത്തെ സദാപി അലട്ടിക്കൊണ്ടിരുന്നു. കഷ്ടപ്പെടുന്നവരുടെ കൂട്ടത്തിൽ ചേർന്ന് ജീവിച്ച് അവരുമായി വൈകാരികൈക്യം പുലർത്താനും അദ്ദേഹം ആഗ്രഹിച്ചു. വമ്പിച്ച റഷ്യൻസാമ്രാജ്യത്തിന്റെ ഒരു കോണിലിരുന്നാൽ ഇതൊക്കെ സാദ്ധ്യമാകുമോ? ആദ്യമായി തന്റെ രാജ്യം മുഴുവൻ ഒന്ന് ചുറ്റിക്കാണാനാണ് ചെക്കോവ് നിശ്ചയിച്ചത്. ഇതിൽ ഒരു യാത്ര ഏറ്റവും സാഹസികമായ ഒന്നായിരുന്നു. ചെക്കോവിന്റെ ജീവിതത്തിലെ ഒരു വലിയ സംഭവമാണത്. നിഷ്കളങ്കമായ മനുഷ്യസ്നേഹത്തിനും സ്തുത്യർഹമായ വ്യക്തിമഹത്വത്തിനും അതൊരുദാഹരണമാകുന്നു. ഏതാണ്ട് രണ്ടായിരം മൈൽ ദൂരെ, സൈബീരിയയ്ക്കും അപ്പുറം റഷ്യയുടെ ഒരറ്റത്ത് തൂങ്ങിക്കിടക്കുന്ന ഒരു ദ്വീപാണ് സഖാലിൻ. എന്തുകഷ്ടത സഹിച്ചും അവിടെച്ചെന്നെത്തണമെന്ന് ചെക്കോവ് തീർച്ചപ്പെടുത്തി. അതൊരു നരക പ്രദേശമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്. അന്ന് പ്രസ്തുത ദ്വീപ് ക്രിമിനൽപ്പുള്ളികളുടെ ഒരു കോളനിയായിരുന്നു. സാർചക്രവർത്തിയുടെ ദുർഭരണത്തിന്റെ ക്രൂരത കുന്നുകൂടിക്കിടന്നിരുന്നത് അവിടെയാണ്. എന്താണവിടത്തെ യഥാർത്ഥസ്ഥിതിയെന്ന് ജനസാമാന്യത്തിന് അറിഞ്ഞുകൂടായിരുന്നു. ഇന്നത്തെപ്പോലെ ഗതാഗതസൗകര്യങ്ങളുണ്ടായിരുന്നില്ലല്ലോ അന്ന്. സൈബീരിയൻ റെയിൽവേ അന്ന് നടപ്പായിരുന്നില്ല.

അപായകരമായ ഈ യാത്രയിൽനിന്ന് പിൻതിരിയണമെന്ന് പല സ്നേഹിതന്മാരും ചെക്കോവിനെ ഉപദേശിച്ചു: പക്ഷേ, ഫലമുണ്ടായില്ല. ക്ഷയരോഗിയായ ഈ യാത്രികൻ തിരിച്ചുവരുമോ എന്നുപോലും അവർക്ക് സംശയമുണ്ടായി. ജീവൻ പണയം വെച്ചുകൊണ്ടുള്ള ഒരു യാത്രയാണതെന്ന് എല്ലാവർക്കും അറിയാമായിരുന്നു. കഷ്ടിച്ച് സൈബീരിയവരെ തീവണ്ടിയിലും കപ്പലിലും സഞ്ചരിക്കാം. പിന്നെയുള്ള ദീർഘയാത്ര കുടുങ്ങിക്കുടുങ്ങിപ്പോകുന്ന തപാൽക്കുതിരവണ്ടികളിൽത്തന്നെവേണം. സൈബീരിയൻ നദികളുടെ തരണമാണ് അതിദുർഘടം. മഞ്ഞുരുകി പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കം, തുളച്ചുകയറുന്ന തണുപ്പും കാറ്റും മഴയും. വഴിക്കെല്ലാം പലതരം അഴുക്കിന്റെ കൂമ്പാരം, വിശ്രമത്താവളങ്ങളിലെ അനാഥസ്ഥിതി. ഈവക ഏടാകൂടങ്ങളൊക്കെ കടന്നുപോകാൻ ആരോഗ്യവാനായ ഒരാൾക്കുപോലും വിഷമമാണ്. അപ്പോൾ ചെക്കോവിന്റെ കഥയോ? വരുന്നത് വരട്ടെയെന്ന് കരുതി അദ്ദേഹം എല്ലാം സഹിക്കാൻ തയ്യാറായി. 1890 ഏപ്രിൽമാസത്തിലാണ് അദ്ദേഹം യാത്ര തിരിച്ചത്. അന്നേക്ക് ചെക്കോവ് വേണ്ടുവോളം സാഹിത്യപ്രശസ്തി നേടിയിരുന്നു. പക്ഷേ, അതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടില്ല. മർദ്ദിതമായ മനുഷ്യവർഗ്ഗത്തിനുവേണ്ടി തനിക്കെന്തുചെയ്യാൻ കഴിയുമെന്നായിരുന്നു ഈ സാഹിത്യകാരൻ സ്വയം ചോദിച്ചുകൊണ്ടിരുന്നത്. ഭരണാധികാരികളുടെ നോട്ടമെത്താത്ത സഖാലിൻ ദ്വീപിനെപ്പറ്റി വൈദ്യശാസ്ത്രത്തെ ആസ്പദമാക്കി ഒരു ഗ്രന്ഥമെഴുതുക. അവിടത്തെ മനുഷ്യജീവികളുടെ നരകയാതനകളെ സാഹിത്യത്തിൽ പ്രതിഫലിപ്പിച്ച് പൊതുജനദൃഷ്ടിയിൽ കൊണ്ടുവരിക എന്നീ രണ്ടുദ്ദേശ്യം ചെക്കോവിൽ കുടികൊണ്ടിരുന്നു. ആറുമാസം നീണ്ടുനിന്ന ഈ പര്യടനത്തിൽ അദ്ദേഹം പലതും കണ്ടു, പലതും അനുഭവിച്ചു. സഖാലിനിൽ മാത്രമല്ല, വഴിക്ക് സൈബീരിയായിലും ഹൃദയഭേദിയായ ഒട്ടേറെ കാഴ്ചകൾ അദ്ദേഹത്തിന്റെ കണ്ണിൽപ്പെട്ടു. അന്നത്തെ സൈബീരിയായും ഭീകരതയുടെ ഒരു പര്യായമായിരുന്നല്ലോ. അവിടത്തെ പാവപ്പെട്ട ഒരു കൃഷിക്കാരനുമായുണ്ടായ സംഭാഷണം ചെക്കോവ് വിവരിക്കുന്നുണ്ട്. 'മൊത്തത്തിൽ പറഞ്ഞാൽ സൈബീരിയയിൽ സത്യം എന്നൊന്നില്ല. ഉണ്ടായിരുന്നെങ്കിൽ അത് മഞ്ഞിൽ മരവിച്ച് മരണമടഞ്ഞിട്ടുണ്ടാകണം. സത്യാവസ്ഥ അന്വേഷിച്ച് കണ്ടുപിടിക്കുക എന്നതാണ് മനുഷ്യന്റെ കർത്തവ്യം, ഇതായിരുന്നു ആ കൃഷിക്കാരൻ പറഞ്ഞത്. ചെക്കോവിന്റെ ഈ സുദീർഘസഞ്ചാരത്തിന്റെ ലക്ഷ്യവും നിരക്ഷരനായ ആ കർഷകൻ ചൂണ്ടിക്കാണിച്ച കർത്തവ്യത്തിന്റെ നിർവഹണംതന്നെയായിരുന്നു. സഖാലിൻ ദ്വീപ് അധഃപതിച്ച മനുഷ്യത്വത്തിന്റെ ഒരു ചിത്രീകരണശാലയാണെന്ന വസ്തുത അദ്ദേഹം അനുഭവിച്ചറിഞ്ഞു. അതുവരെ മറയ്ക്കപ്പെട്ടുകിടന്നിരുന്ന അനവധി സത്യങ്ങൾ അനാവൃതങ്ങളായി. കഠിനതടവിന് ശിക്ഷിക്കപ്പെട്ടവരും നാടുകടത്തപ്പെട്ടവരുമായി ചെക്കോവ് സഹവസിക്കുകയും അവരുടെ ദുഃഖാനുഭവങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തു. അനന്തകാലത്തെഴുതപ്പെട്ട പല കഥകളും ഈദൃശ്യാനുഭൂതികളുടെ ഹൃദയത്തുടിപ്പുകൾകൊണ്ട് അനുപ്രാണിതങ്ങളായിട്ടുണ്ട്. ഈ വിദൂരഭൂഭാഗത്തെപ്പറ്റി ഒരു സ്നേഹിതനെഴുതിയ കത്തിൽ ചെക്കോവ് പറയുകയാണ്: 'പട്ടിണികിടക്കുന്ന കുട്ടികളെ ഞാൻ കണ്ടു; പതിമൂന്ന് വയസുള്ള വേശ്യകളെയും. പതിനഞ്ചാം വയസ്സിൽ ഗർഭിണികളാകുന്ന ബാലികമാരുണ്ടിവിടെ. പന്ത്രണ്ടുവയസ്സാകുമ്പോഴേക്കും പെൺകുട്ടികൾ വ്യഭിചാരത്തിലേർപ്പെടുന്നു. പള്ളികളും പള്ളിക്കൂടങ്ങളും കടലാസ്സിൽ മാത്രമേ ഉള്ളൂ. കുറ്റംചെയ്യാനുള്ള അന്തരീക്ഷം മാത്രമാണ് കുട്ടികൾക്ക് കിട്ടുന്ന വിദ്യാഭ്യാസം.'

കഷ്ടത കണ്ടാൽ സഹിക്കാനാവാത്ത ലോലഹൃദയനായിരുന്നു ചെക്കോവ്. ലക്ഷക്കണക്കിന് ആളുകളെ തടവിലിട്ട് മൃഗങ്ങളാക്കുന്ന അവിടത്തെ കിരാതസമ്പ്രദായം അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു. ഇതിനെല്ലാം ഒരു പരിഹാരമുണ്ടാകത്തക്കവിധം തന്റെ തൂലിക പ്രയോഗിക്കണമെന്ന് ദൃഢനിശ്ചയം ചെയ്തുകൊണ്ടാണ് ചെക്കോവ് സഖാലിൻ ദ്വീപിനോട് വിടവാങ്ങിയത്. 1890 ഒക്ടോബറിൽ അദ്ദേഹം സ്ഥലംവിട്ടു. സമുദ്രമാർഗേണയായിരുന്നു മടക്കയാത്ര. പോരുന്നവഴി ഇന്ത്യയും സിലോണും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. സഖാലിൻ നരകവും സിലോൺ സ്വർഗവുമാണെന്ന് ചെക്കോവ് ഒരു കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പോർട്ടുസെഡ്, കാൺസ്റ്റാന്റിനോപ്പിൾ മുതലായ സ്ഥലങ്ങളും കണ്ട് ഒഡീസ്സവഴിയാണ് അദ്ദേഹം തിരിച്ചെത്തിയത്. അന്നത്തെ റഷ്യയിലെ സ്ഥിതിവിശേഷങ്ങളും ചെക്കോവിന്റെ രോഗനിലയും പരിഗണിക്കുമ്പോഴേ ഈ സാഹസയാത്രയിൽ നിഴലിക്കുന്ന ധീരതയും ത്യാഗശീലവും ദീനദയാലുതയും വെളിപ്പെടുകയുള്ളൂ. പ്രസ്തുത യാത്രയ്ക്കുശേഷം ബലോണ, നേപ്പിൾസ്, റോം, പാരീസ്, ഫ്ളോറൻസ്, ജനോവ മുതലായ പാശ്ചാത്യനഗരങ്ങളും ചെക്കോവ് സന്ദർശിച്ചു. ഇങ്ങനെ വിവിധ ദേശപര്യടനംകൊണ്ട് തന്റെ വീക്ഷണചക്രവാളം വിശാലമാക്കിയതിനുശേഷമാണ് അദ്ദേഹം സഖാലിൻ ദ്വീപിനെപ്പറ്റി ഒരു ഗ്രന്ഥമെഴുതിയത്. റഷ്യൻജനതയെ പ്രബുദ്ധവും പ്രവൃത്ത്യുന്മുഖവുമാക്കാൻ അദ്ദേഹത്തിന്റെ ഇതര സാഹിത്യകൃതികളെപ്പോലെ ഇതും പ്രയോജകീഭവിച്ചു.

(മനനമണ്ഡലം 1964)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---